# അനുബന്ധം എച്ച്.-4
## നോട്ടീസ്

ശ്രീ. ശ്രീജിത് സി.ആർ. എന്ന താങ്കൾ പത്തനംതിട്ട ജില്ലയിലെ ആങ്ങമൂഴി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 ആയി സേവനമനുഷ്ടിച്ചു വരവേ 05/10/2022 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിനാൽ കത്ത് നമ്പർ എ4-6093/2023/ജി.മെ.ഓ./പത്തനംതിട്ട/തീയതി. 11/04/2023 പ്രകാരം താങ്കൾക്ക് കുറ്റാരോപണ ചാർജ് മെമ്മോ നല്കിയിട്ടുള്ളതാകുന്നു.

ടി കുറ്റാരോപണ ചാർജ്ജ് മെമ്മോ താങ്കൾ കൈപ്പറ്റിയെങ്കിലും ടി കുറ്റാരോപണ ചാർജ് മെമ്മോയിൽ താങ്കൾ കൈയൊപ്പ് രേഖപ്പെടുത്തി തിരികെ സമർപ്പിക്കുകയോ, മറുപടി നല്കുകയോ ചെയ്തിട്ടില്ല എന്ന് കത്ത് നമ്പർ 100/23/തീയതി. 13/06/23 പ്രകാരം ആങ്ങമൂഴി പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചിരുന്നു.

ആയതിനാൽ കത്ത് നമ്പർ എ4-6093/2023/ജി.മെ.ഓ./പത്തനംതിട്ട/തീയതി. 30/06/2023 പ്രകാരം താങ്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കിയെങ്കിലും താങ്കൾ ടി കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയിട്ടില്ല എന്ന് കത്ത് നം. 127/23/തീയതി. 24/05/23 പ്രകാരം ആങ്ങമൂഴി പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചിരുന്നു.

മേലധികാരിയുടെ അനുവാദമില്ലാതെ ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് ഗുരുതരമായ കൃത്യവിലോപവും, അച്ചടക്കലംഘനവുമാണ്. ഈ സാഹചര്യത്തിൽ പ്രൊബേഷണറായ താങ്കൾക്ക് സർക്കാർ ജോലിയിൽ തുടരാൻ താല്പര്യമില്ല എന്നാണ് മനസിലാക്കാൻ സാധിക്കുന്നത്.

താങ്കൾക്ക് എന്തെങ്കിലും വിശദീകരണം നൽകുവാനുണ്ടെങ്കിൽ ഈ കത്ത് ലഭിച്ച് 15 ദിവസത്തിനകം ഈ ആഫീസിൽ നൽകേണ്ടതാണ്. അല്ലാത്തപക്ഷം ഈ വിഷയത്തിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ 1960-ലെ കെ.സി.എസ്.(സി.സി.&എ) ചട്ടം II (VII) പ്രകാരം 05.10.2022 മുതൽ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
പത്തനംതിട്ട

സ്വീകർത്താവ്
ശ്രീ ശ്രീജിത് സി.ആർ.
ചുട്ടേത്ത് ഹൗസ്
കടുവിങ്കൽ
വള്ളിക്കുന്നം പി.ഒ.
ആലപ്പുഴ- 690 501

ജെകെ